സഹകരണസംഘങ്ങൾ

*൭൩. (൧൦൪) ശ്രീ. പി. കെ. രാമൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വ്യവസായമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഇവിടെ ഹരിജനങ്ങൾക്കു മാത്രമായുള്ള സഹകരണസംഘങ്ങൾ ആരംഭിക്കുവാൻ ആലോചനയുണ്ടോ;

(ബി) ഇൻഡ്യൻ ഭരണഘടന നടപ്പിൽ വന്നശേഷം മദ്രാസിൽ ഇത്തരം സഹകരണസംഘങ്ങൾ അനുവദിച്ചു പ്രോൽസാഹിപ്പിച്ചുവരുന്നതായി അറിയാമോ?

ഏക്സൈസും, വ്യവസായവും, പ്രാദേശിക സ്വയംഭരണവും വകുപ്പുമന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ):

(എ) ഹരിജനങ്ങൾക്കുമാത്രമായുള്ള സഹകരണസംഘങ്ങൾ ഇപ്പോൾ ഉണ്ട്. നിർജ്ജീവങ്ങളായി കിടക്കുന്നവയെ പുനരുജ്ജീവിപ്പിക്കുവാനും പുതിയ സംഘങ്ങൾ രൂപീകരിക്കുവാനുമുള്ള ജോലികൾ പുരോഗമിക്കുന്നുണ്ട്.

(ബി) മദ്രാസിലെ പ്രവർത്തനങ്ങളെ സംബന്ധിച്ച് വിശദമായ അറിവില്ല.

കയർ സഹകരണസംഘങ്ങൾ

൭൯. (൧൦൫) ശ്രീ. പി. കെ. രാമൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട സഹകരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഇതുവരെ എത്ര കയർ സഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നു പറയാമോ; എത്രയെണ്ണം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്;

(ബി) ഈ സഹകരണസംഘങ്ങൾക്ക് പൊതുവായി പ്രധാന കാര്യങ്ങളിൽ ഐകരൂപ്യമുള്ള പരിപാടിയുണ്ടോ; ഇല്ലെങ്കിൽ അങ്ങനെ ഒന്നുണ്ടായിരിക്കുവാൻ നിഷ്കർഷിക്കുമോ?

ഏക സൈസും, വ്യവസായവും പ്രാദേശിക സ്വയംഭരണവും വകുപ്പു മന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ:) (എ) ചോ— ൭൯.

(ബി) പരിപാടി ഉണ്ട്.

കുടിൽവ്യവസായം

൭൮. (൧൧൦) ശ്രീ. പി. കെ. കുമാരനാചാരി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വ്യവസായമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഡാ. പി. ജെ. തോമസിനെ അദ്ധ്യക്ഷനായി നിയമിക്കപ്പെട്ട കുടിൽവ്യവസായകമ്മിറ്റിയുടെ റിപ്പോർട്ട് ഗവൺമെണ്ടിൽ സമർപ്പിച്ചിട്ടുണ്ടോ;

(ബി) ആ കമ്മിറ്റിയിലെ അംഗങ്ങൾ ആരെല്ലാം;

(സി) കമ്മിറ്റിയുടെ പ്രവർത്തനത്തിനു് ആകെ ചെലവുചെയ്ത തുക എത്ര?

ഏക്സൈസും, വ്യവസായവും പ്രാദേശിക സ്വയംഭരണവും വകുപ്പുമന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ:) (എ) ഇല്ല.

(ബി) ഇപ്പോഴത്തെ അംഗങ്ങൾ താഴെ പറയുന്നവരാകുന്നു.—

൧. ഡാ. പി. ജെ. തോമസ് (അദ്ധ്യക്ഷൻ).
൨. ശ്രീ. ടി. കെ. കുഞ്ഞയ്യപ്പൻ.
൩. ശ്രീ. ആർ. വൈദ്യലിംഗംപിള്ള.

LIBRARY ARCHIVES Kerala Legislative Assembly